# പതിമൂന്നാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **808** — 11.03.2015 - ൽ മറുപടിയ്ക്ക്

## ഒല്ലൂർ വൈദ്യരത്നം കോളേജിലെ ജീവനക്കാരെ സെനറ്റിൽ ഉൾപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി. വിൻസെന്റ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ ജീവനക്കാരെ ആരോഗ്യ സർവ്വകലാശാല സെനറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (എ) കേരള ആരോഗ്യ സർവ്വകലാശാലയുടെ ആക്റ്റിലെ നാലാം അദ്ധ്യായം ഇരുപതാം വകുപ്പ് പ്രകാരം സെനറ്റിൽ എക്സ് ഒഫിഷ്യോ മെമ്പേഴ്സ്, നോമിനേറ്റഡ് മെമ്പേഴ്സ്, തിരഞ്ഞെടുക്കപ്പെടുന്ന മെമ്പേഴ്സ് എന്നിവർ ഉൾപ്പെടുന്നു. ഇതിൽ തെരെഞ്ഞെടുക്ക - പ്പെടുന്ന മെമ്പേഴ്സിൽ ഒരു മെമ്പർ ഗവൺമെന്റ് ആയുർവേദ കോളേജുകളിലെ ടീച്ചർമാരിൽ നിന്നും മറ്റൊരു മെമ്പർ അഫിലിയേറ്റഡ് പ്രൈവറ്റ് ആയുർവേദ & സിദ്ധ കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടതാണ്. എയ്ഡഡ് കോളേജുകൾക്ക് പ്രത്യേക മണ്ഡലം ഇല്ലാത്തതിനാൽ അവയെ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ ജീവനക്കാരെ ആരോഗ്യ സർവ്വകലാശാല സെനറ്റിൽ ഉൾപ്പെടുത്തണമെങ്കിൽ കേരള ആരോഗ്യ സർവ്വകലാശാല ആക്റ്റ് ഭേദഗതി വരുത്തേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ